I ഇ.ബി. XIV - കേരള നിയമസഭ/II-8

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 05, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ യു.ഡി.എഫ് അംഗങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബാനറും പ്ലക്കാർഡുകളുമായി ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയുടെ അടുത്തുവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ചോദ്യോത്തരവേള രാവിലെ 8.33-ന് നിർത്തിവയ്ക്കുകയും 9. 30- ന് സഭാനടപടികൾ പുനരാരംഭിക്കുകയും ചെയ്തു )

## I പ്രമേയം

<u>ഒക്ടോബർ 6-ാം തീയതിയിലെ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): "സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം 2016 ഒക്ടോബർ 6-ാം തീയതിയിൽ സഭ പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകൾ കൂടി ഇന്ന് പരിഗണിക്കുവാനും ഒക്ടോബർ 6-ാം തീയതിയിലെ സഭാസമ്മേളനം ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

## II മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ സമ്മേളിച്ച ദിവസംതന്നെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന സംബന്ധിച്ച പ്രശ്നം അടിയന്തരപ്രമേയമായി അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പുമന്ത്രി വസ്തുതകൾ വ്യക്തമാക്കുകയുണ്ടായി. ഇത്തരത്തിൽ സഭയിൽ തുടർച്ചയായി പ്രതിഷേധം പ്രകടിപ്പിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സർക്കാർ സമരക്കാരുമായി ചർച്ചയ്ക്ക്

തയ്യാറാകണമെന്ന അഭിപ്രായം ഉയർന്നുവന്നതിനെത്തുടർന്ന് ആരോഗ്യ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയുണ്ടായി. എന്നാൽ ചർച്ചയിൽ തീരുമാനത്തിലെത്താൻ കഴിഞ്ഞില്ലെന്ന വാദവുമായാണ് സഭയിൽ സമര പ്രഖ്യാപനമുണ്ടായത്. അന്നുമുതൽ പ്രതിപക്ഷം സഭാനടപടികൾ അലങ്കോലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സ്വാശ്രയ മാനേജ്മെന്റുകൾക്ക് ക്യാപ്പിറ്റേഷൻ ഫീസ് ഇഷ്ടംപോലെ വാങ്ങാൻ കഴിഞ്ഞിരുന്നത് ഇത്തവണ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഏതെങ്കിലും മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങിയാൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിലെ ഫീസിൽ കുറവ് വരുത്താൻ സാധിക്കാത്ത സാഹചര്യം സർക്കാർ വിശദീകരിക്കുകയുണ്ടായി. പ്രസ്തുത കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്ന ഘട്ടത്തിൽ അവിടത്തെ കുട്ടികൾക്ക് അധികബാധ്യത ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നു. പ്രതിപക്ഷം ഉന്നയിച്ച എല്ലാ പ്രശ്നങ്ങളിലും ഏറെക്കുറെ സമവായമായ സാഹചര്യത്തിൽ സമരം അവസാനിപ്പിക്കുന്നതിനെക്കുറിച്ചാണ് പിന്നീട് ചർച്ച നടന്നത്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള നേതാക്കളുടെ യോഗം ചേർന്ന് ഇക്കാര്യത്തിൽ സമവായത്തിലെത്തുമെന്ന് വ്യക്തമാക്കിയെങ്കിലും സമരം തുടരാനാണ് അവർ തീരുമാനിച്ചത്. അതിനുശേഷം മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ

ചാണ്ടി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, മുൻ മന്ത്രി ഡോ. എം. കെ. മുനീർ എന്നിവർ ഒരു യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ രാവിലെ 8.30-ന് യോഗം വിളിക്കാൻ തീരുമാനിച്ചുവെങ്കിലും സ്വാശ്രയ മാനേജ്മെന്റ് അധികൃതർക്ക് യഥാസമയം എത്തിച്ചേരാൻ കഴിയാത്തതിനാൽ വൈകിട്ട് 3 മണിക്കാണ് അവരുമായി ചർച്ച നടത്തിയത്. സ്വാശ്രയ മാനേജ്മെന്റ് അസോസിയേഷന്റെ നേതാക്കളുമായാണ് ചർച്ച നടത്തിയത്. നേരത്തെ ഉണ്ടാക്കിയ എഗ്രിമെന്റിൽ വ്യത്യാസം വരുത്താനോ 2,50,000 രൂപ ഫീസ് നിരക്കിൽ ഇളവ് വരുത്താനോ പുതിയ ഒരു നിർദ്ദേശം വയ്ക്കാനോ ആ യോഗത്തിൽ അവർ തയ്യാറായില്ല. ഒരുതരത്തിലുള്ള പിടിവാശിയും മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റേതായ ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കില്ലെന്നും സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റിന്റെ നിർദ്ദേശം സ്വീകരിക്കാൻ തയ്യാറാണെന്നുമുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ആരോഗ്യ വകുപ്പുമന്ത്രിയെയും ആരോഗ്യ വകുപ്പ് സെക്രട്ടറിയെയും ഞാൻ അനാവശ്യം പറഞ്ഞുവെന്ന വെളിപ്പെടുത്തൽ തെറ്റാണ്. സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒന്നിച്ചുനിൽക്കണം. നാടിന്റെ ഭാവി മുന്നിൽക്കണ്ട് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടിൽനിന്നും പ്രതിപക്ഷം പിന്തിരിയണം.

(യു.ഡി.എഫ്. അംഗങ്ങളുടെ ബഹളത്തെത്തുടർന്ന് ബഹു. സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

(1) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

(7286,59,02,000 രൂപ)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

(2207,23,20,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം

(166,01,10,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

(2168,76,05,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥന ചർച്ച റദ്ദ് ചെയ്തു.)

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാവിലെ 09.52-ന് പിരിഞ്ഞു.)